LIBRARY ARCHIVES Kerala Legislative Assembly

കർഷക തൊഴിലാളികൾക്കും സ്ത്രീകൾക്കും നൽകി വരുന്ന ക്ഷേമ പെൻഷനുകൾ

35 (78) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ കർഷകതൊഴിലാളികൾക്കും സ്ത്രീകൾക്കും നൽകിവരുന്ന ക്ഷേമ പെൻഷനുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) വികലാംഗ പെൻഷൻ, വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ അർഹരായവർക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി) കർഷകർക്കും, തൊഴിലാളികൾക്കും, സ്ത്രീകൾക്കും ലഭിക്കേണ്ട ക്ഷേമ പെൻഷൻ ത്വരിത ഗതിയിൽ ലഭ്യമാക്കാൻ പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഗതി (വിധവ) പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന സ്ത്രീകൾക്ക് നൽകി വരുന്ന ക്ഷേമ പെൻഷനുകൾ. കർഷകത്തൊഴിലാളികൾക്ക് കർഷകത്തൊഴിലാളി പെൻഷൻ തൊഴിൽ വകുപ്പ് മുഖേന നൽകി വരുന്നുണ്ട്.

(ബി) വികലാംഗ പെൻഷൻ, വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ അർഹരായവർക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ക്ഷേമപെൻഷനുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിക്കേണ്ട ആവശ്യമില്ല.

ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടി

36 (79) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ വകുപ്പുകളിൽ മലയാളം പൂർണ്ണമായും ഭരണ ഭാഷയാക്കിയിട്ടുണ്ട് എന്ന് വിശദാംശം ലഭ്യമാക്കുമോ ;

(ബി) മലയാളം ഒന്നാംഭാഷയാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാളിതുവരെ 70 സർക്കാർ വകുപ്പുകളിൽ ഭരണഭാഷ മലയാള മാക്കിയിട്ടുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചു വരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.